TRANSPORT COMMISSIONERATE KERALA
RECEIVED ON 07 JUN 2018

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഗതാഗത വകുപ്പ് - സംസ്ഥാനത്ത് ടിപ്പർ ലോറികളുടേയും / ടിപ്പിംഗ് മെക്കാനിസം ഉപയോഗിച്ച പ്രവർത്തിക്കുന്ന വാഹനങ്ങളുടേയും ഗതാഗത സമയം നിശ്ചയിക്കുന്നതിന് ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഗതാഗത(ബി) വകുപ്പ്**

**സ.ഉ.(സാധാ) നം.256/2018/ഗതാഗതം**

തീയതി,തിരുവനന്തപുരം, 05/06/2018

പരാമർശം:- 1 17/04/2014 തിയ്യതിയിലെ സ.ഉ.(പി)നം. 13/2014/ഗതാ.

2 പത്തനംതിട്ട ജില്ലാ കളക്ടറുടെ DCPTA/6415/2017-B3 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

പരാമർശം (1) ലെ സർക്കാർ ഉത്തരവ് പ്രകാരം ടിപ്പർ ലോറികളുടേയും / ടിപ്പിംഗ് മെക്കാനിസം ഉപയോഗിച്ച പ്രവർത്തിക്കുന്ന വാഹനങ്ങളുടേയും കേരള സംസ്ഥാനത്തെ റോഡുകളിലൂടെയുള്ള ഗതാഗതം രാവിലെ 9 മണി മുതൽ 10 മണി വരെയും , വൈകുന്നേരം 4 മണി മുതൽ 5 മണി വരേയും നിരോധിച്ചു കൊണ്ട് ഉത്തരവായിരുന്നു.

പരാമർശം (2) ലെ പത്തനംതിട്ട ജില്ലാ കളക്ടറുടെ കത്ത് പ്രകാരം തിരുവല്ല നഗരസഭയിൽ സ്കൂൾ/കോളേജ് സമയം രാവിലെ 9 മണി മുതൽ 3.30 മണി വരെ ആയതിനാൽ സ്കൂൾ/കോളേജ് കുട്ടികളുടെ സുരക്ഷ കണക്കിലെടുത്ത് ടിപ്പർ ലോറികളുടെ സമയനിയന്ത്രണം രാവിലെ 8.30 മണി മുതൽ 10.00 മണി വരേയും വൈകുന്നേരം 3.00 മണി മുതൽ 4.30 മണി വരേയും ആക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയും സ്കൂൾ/കോളേജ് കുട്ടികളുടെ സുരക്ഷ കണക്കിലെടുത്ത്, ഓരോ സ്ഥലത്തേയും പ്രാദേശിക സാഹചര്യം പരിഗണിച്ച് , ടിപ്പർ ലോറികളുടേയും / ടിപ്പിംഗ് മെക്കാനിസം ഉപയോഗിച്ച പ്രവർത്തിക്കുന്ന വാഹനങ്ങളുടേയും ഗതാഗത സമയം നിശ്ചയിക്കുന്നതിനുള്ള ചുമതല , 1988 ലെ മോട്ടോർ വാഹന നിയമം 115-ാം വകുപ്പ് പ്രകാരം , അതാത് ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു. പ്രസ്തുത നിയന്ത്രണം ഒരു മാസത്തിൽ കൂടുതൽ ആവശ്യമാണെങ്കിൽ ഇതു സംബന്ധിച്ച വിജ്ഞാപനം ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധീകരിക്കേണ്ടതാണ്. കൂടാതെ നിയന്ത്രണം സംബന്ധിച്ച് പ്രാദേശിക തലത്തിൽ പ്രചരണവും നൽകേണ്ടതാണ് .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അച്ചന്‌കുഞ്ഞ്.എം.
അഡീഷണല് സെക്രട്ടറി

എല്ലാ ജില്ലാ കലക്ടർമാർക്കും.
ഗതാഗത കമ്മീഷണർ, തിരുവനന്തപുരം
എല്ലാ ജില്ലാ പോലീസ് മേധാവിമാർക്കും
സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി
copy to :- P S to M (Tr)

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ

Endt. No. C1/14618/TC/2012 dated: 12/06/2018.

Copy forwarded to all Deputy Transport Commissioner, all Regional Transport Officers and all Joint Regional Transport Officers for information.

18/6/18

for Transport Commissioner.

12/06.
12/6/18